**പതിനാലാം കേരള നിയമസഭ**

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2090 — 11.03.2020 ലെ മറുപടിക്ക്

## <u>കയർ ഭൂവസ്ത്രത്തിന് പുതിയ ഉപയോഗ മേഖലകൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ. ഹരീന്ദ്രൻ<br>ശ്രീ. പി.കെ. ശശി<br>ശ്രീ.കെ.യു. ജനീഷ് കുമാർ<br>ശ്രീ.വി. ജോയി | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് കയർ വ്യവസായ മേഖലയെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും വൈവിദ്ധ്യവൽക്കരണത്തിനായി ഈ സർക്കാർ ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) കയർ വ്യവസായത്തിന്റെ വൈവിധ്യവൽക്കരണവുമായി ബന്ധപ്പെട്ട് പരമാവധി ചകിരി ഉല്പാദിപ്പിച്ച് കയർ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഉല്പന്ന വൈവിദ്ധ്യവത്ക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർ മേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനും ലക്ഷ്യമിട്ട് സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് 'കയർ മേഖലയിലെ രണ്ടാം പുന:സംഘടന'. പരമ്പരാഗത രീതിയിൽ ചകിരി ഉല്പാദനത്തിൽ ഏർപ്പെട്ടിരുന്ന കയർ സഹകരണ സംഘങ്ങളിൽ ഡിഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുക വഴി ചകിരി ഉല്പാദനം ഗണ്യമായ തോതിൽ വർദ്ധിക്കുകയും ടി സംഘങ്ങൾ ചകിരിയുടെ കാര്യത്തിൽ സ്വയം പര്യാപ്തമാവുകയും ചെയ്തിട്ടുണ്ട്. കൂടാതെ കയർപിരി മേഖലയിൽ പരമ്പരാഗത റാട്ടുകൾക്കു പകരം ഇലക്ട്രോണിക് റാട്ടുകൾ/ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷിനുകൾ എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കയർ ഉല്പന്ന വൈവിദ്ധ്യവത്ക്കരണത്തിലും യന്ത്രവൽക്കരണ പദ്ധതിയിലും കയർ ജിയോ ടെക്സ്റ്റൈൽസ്, കയർ നീഡിൽ ഫെൽറ്റ്, കയർ കോമ്പോസിറ്റ് ബോർഡ്സ്, കയർ അക്വാസ്റ്റിക്സ് പാനൽസ് എന്നിങ്ങനെയുള്ള ഉല്പന്നങ്ങളുടെ നിർമ്മാണത്തിനാണ് പ്രാമുഖ്യം നൽകുന്നത്. ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ കയർ കോമ്പോസിറ്റ് ബോർഡുകൾ നിർമ്മിക്കുന്ന ഫാക്ടറിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നാഷണൽ കയർ റിസർച്ച് & |

| | |
|---|---|
| | മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻ.സി.ആർ.എം.ഐ) കയർ അക്വസ്റ്റിക്സ് പാനലുകളുടെ സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തിട്ടുണ്ട്. കൂടാതെ ചകിരിച്ചോറിൽ നിന്നും കുറഞ്ഞ സമയംകൊണ്ട് ജൈവവളം നിർമ്മിക്കുന്ന സാങ്കേതിക വിദ്യയും വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത് തൃശ്ശൂർ, വൈക്കം എന്നീ പ്രോജക്ടുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) കയർ ഭൂവസ്ത്രത്തിന് പുതിയ ഉപയോഗ മേഖലകൾ കണ്ടെത്തുന്നതിന് എന്തെല്ലാം ഗവേഷണ പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വിശദമാക്കുമോ; | ബി) കയർ ഭൂവസ്ത്രത്തിന് നൂതനമായ ഉപയോഗ മേഖലകൾ കണ്ടെത്തുന്നതിന് ചരിവ് പ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനോടൊപ്പം കൃഷി ചെയ്യാവുന്ന തരത്തിൽ അറകളായി തിരിച്ചിട്ടുള്ള കയർ ജിയോ സെല്ലുകളുടെ ഗവേഷണ പഠനങ്ങൾ നടത്തിവരുന്നു. അതോടൊപ്പം കൃഷിയിടങ്ങളിൽ പുതയിടീൽ വസ്തുവായി ഉപയോഗിക്കാൻ കയർ മൾച്ചിംഗ് മാറ്റുകളുടെ സാധ്യതാപഠനം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർ ഡിസിപ്ലിനറി സയൻസ് & ടെക്നോളജി (NIIST)-മായി ചേർന്ന് നടത്തിവരുന്നു. കൂടാതെ പാറകളെ പുനരുജ്ജീവിപ്പിച്ച് സസ്യവളർച്ച ത്വരിതപ്പെടുത്തുന്ന തരത്തിൽ കൊക്കൊലോഗ്സ്, കയർ ജിയോടെക്സ്റ്റൈൽസ് എന്നിവ ഉപയോഗിക്കുന്നു. നദീതടസംരക്ഷണത്തിന് കൊക്കോലോഗ്സ്, കയർ ജിയോ ടെക്സ്റ്റൈൽസ് എന്നിവ ഉപയോഗിക്കുന്നു. താങ്ങുചുവർ നിർമ്മാണത്തിന് കയർ ഭൂവസ്ത്രവും മുളയും ചേർത്ത് നിർമ്മിക്കാം എന്ന് പഠനങ്ങൾ നടത്തിവരുന്നു. കയർ പനാമ മാറ്റ് ഉപയോഗിച്ചുള്ള മണൽ നിറച്ച ബാഗുകളുടെ ഉപയോഗം കൊണ്ട് പ്രകൃതിക്ക് ദോഷമില്ലാത്ത വിധം കണ്ടലിനേയും മറ്റു വൃക്ഷങ്ങളേയും വളരുവാനുള്ള സാഹചര്യം ഒരുക്കി കടത്തീര സംരക്ഷണം സാധ്യമാക്കുന്ന ഗവേഷണ പഠനങ്ങൾ നടത്തിവരുന്നു. |
| (സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) കേരളത്തിലെ കയർ വ്യവസായ മേഖലയുടെ രണ്ടാം പുനസംഘടനയുടെ പ്രധാന ഘടകങ്ങളിൽ ഒന്നാണ് കയർ ജിയോ ടെക്സ്റ്റൈൽസിന്റെ വ്യാപനം. ഈ പദ്ധതി വഴി പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന കയർ തൊഴിലാളികളുടെ തൊഴിലും, കൂലിയും സംരക്ഷിക്കപ്പെടുകയെന്ന വ്യക്തമായ കാഴ്ചപ്പാടാണുള്ളത്.<br><br>"കയർ കേരള 2017" മേളയിൽ വച്ച് |

| | |
|---|---|
| | സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ടി സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന മണ്ണ്-ജല സംരക്ഷണം, റോഡ് നിർമ്മാണ / കാർഷിക പ്രവർത്തനങ്ങളിൽ, കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് ആയത് ലഭ്യമാക്കുന്നതിനുള്ള കരാർ ഒപ്പുവച്ചു. മാർച്ച് 2019 വരെ 5608011 സ്ക്വ.മീ കയർ ഭൂവസ്ത്രം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കയർഫെഡ്, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ എന്നിവർ വഴി വിതരണം ചെയ്യുകയും, വിരിക്കുകയും ചെയ്തിട്ടുണ്ട്. "കയർ കേരള 2019" മേളയിൽ 103 കോടി രൂപയുടെ കയർ ഭൂവസ്ത്ര ധാരണാപത്രം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി ഒപ്പുവച്ചിട്ടുണ്ട്. കയർപിരി മേഖലയിലും, ഉല്പന്ന മേഖലയിലും ഉള്ള തൊഴിലാളികൾക്ക് പുതുതായി തൊഴിലവസരങ്ങൾ നൽകുന്നതിനും തൊഴിലാളികൾക്ക് സ്ഥിരവരുമാനം ഉറപ്പുവരുത്തുന്നതിനും കയർ ഭൂവസ്ത്ര പദ്ധതി മൂലം സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കുളങ്ങളും, തോടുകളും അടക്കമുള്ള ജലസ്രോതസ്സുകൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സംരക്ഷിക്കുന്നതിനായി ഏറ്റെടുക്കുന്ന നിർമ്മാണ പ്രവർത്തികളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നത് വഴി കയർ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു. ചകിരി/കയർ വ്യവസായ സഹകരണ സംഘങ്ങൾക്ക് കൂടുതൽ വർക്ക് ഓർഡറുകൾ ലഭ്യമാകുകയും അതു മൂലം കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. ടി നിർമ്മാണ പ്രവർത്തികളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന്റെ മെച്ചങ്ങൾ പലതാണ്. കയർ ഭൂവസ്ത്രം നെയ്തെടുക്കുന്നതായതുകൊണ്ട് ഊടും പാവും ഉണ്ട്. ചരിവിൽ നീളത്തിന്റെ ദിശയിൽ ഇതു വിരിച്ചാൽ കയർ ഭൂവസ്ത്രം ജലത്തെ ശേഖരിച്ച് സ്വന്തം പ്രതലത്തിലൂടെ വലിച്ചുകൊണ്ടുപോയി പുറത്തേക്ക് ഒഴുക്കിവിടും. ഇങ്ങനെ വെള്ളം എളുപ്പം വാർന്നുപോകാൻ സഹായിക്കുന്നു. അതേസമയം കയർ ഭൂവസ്ത്രം അരിപ്പയായി പ്രവർത്തിച്ച് മണ്ണൊലിപ്പ് തടയുകയും ചെയ്യുന്നു. ചണം പോലുള്ള നാരുകളിൽ നിന്ന് വ്യത്യസ്തമായി ഏതാനും വർഷം കൊണ്ടേ കയർ ജീർണ്ണിക്കൂ. അതിനിടയിൽ |

| | |
|---|---|
| | സ്വാഭാവികമായും മണ്ണിനെ സംരക്ഷിക്കുന്ന പുല്ലും ചെടികളും വേരുപടലങ്ങളും വളർന്ന് പ്രകൃതിസഹജമായ കവചം മണ്ണിനൊരുക്കും. അവസാനം കയർ ഭൂവസ്ത്രം ജീർണ്ണിച്ച് പ്രകൃതിക്ക് ദോഷമുണ്ടാക്കാതെ മണ്ണിൽ അടിഞ്ഞു ചേരുകയും ചെയ്യും. |
| ഡി) പൊതുമരാമത്ത് റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് നോഡൽ ഏജൻസിയായി ഫോം മാറ്റിംഗ്സിനെ തെരഞ്ഞെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഡി) പൊതുമരാമത്ത് റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് നോഡൽ ഏജൻസിയായി ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിനെ സ.ഉ.(സാധാ) നം./1407/2017/പൊ.മ.വ. തീയതി 19/9/2017 പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ